# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2390** **21-06-2024 - ൽ മറുപടിയ്ക്ക്**

## വീര്യം കുറഞ്ഞ മദ്യത്തിൻെറ ഉദ്പാദനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന്റെ മദ്യനയത്തിൽ വൻകിട ഡിസ്റ്റിലറികളെ ഒഴിവാക്കി കാർഷിക ഉല്പന്നളിൽ നിന്നും പഴച്ചാറുകളിൽ നിന്നും തദ്ദേശീയമായി വീര്യം കുറഞ്ഞ മദ്യം ഉല്പാദിപ്പിച്ച വിതരണം ചെയ്ത് ചെറുകിട കർഷകർക്ക് വരുമാന വർദ്ധനവ് ഉണ്ടാകുന്ന പദ്ധതികൾ ആവിഷ്കരിക്കുമെന്ന പ്രഖ്യാപനം പരിഗണനയിലുണ്ടോ; | (എ) | കേരളത്തിലെ കാർഷിക മേഖലയുടെ ഉന്നമനത്തിനും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ധാന്യങ്ങൾ ഒഴികെയുള്ള കാർഷിക ഉൽപ്പന്നങ്ങളിൽ നിന്ന് വൈനും, വീര്യം കുറഞ്ഞ മദ്യവും ഉല്പാദിപ്പിക്കുന്നതിന് അനുമതി നൽകുവാൻ തീരുമാനം എടുത്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ധാന്യങ്ങൾ ഒഴികെയുള്ള കാർഷിക ഉൽപ്പന്നങ്ങളിൽ നിന്നും പഴവർഗ്ഗങ്ങളിൽ നിന്നും വീര്യം കുറഞ്ഞ ഹോർട്ടി വൈൻ ഉല്പാദിപ്പിക്കുന്നതിന് അനുമതി നൽകുന്നതിനായി കേരള സ്മാൾ സ്കെയിൽ വൈനറി റൂൾസ് 2022 എന്ന ചട്ടം രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പഴവർഗ്ഗങ്ങളിൽ നിന്നും വീര്യം കുറഞ്ഞ മദ്യം ഉല്പാദിപ്പിക്കുന്നതിന് അനുമതി നൽകുന്നതിനായി കേരള മൈക്രോ ഡിസ്റ്റിലറി റൂൾസ് എന്ന പേരിൽ ചട്ട നിർമ്മാണത്തിനുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്. ഇക്കാര്യത്തിൽ വൻകിട ഡിസ്റ്റിലറികളെ ഒഴിവാക്കുന്നതിന് ആലോചിച്ചിട്ടില്ല. |
| (ബി) | വീര്യം കുറഞ്ഞ മദ്യത്തിൻെറ ഉല്പാദനത്തിനും വിപണനത്തിനും അനുമതി തേടി ബക്കാഡിയ കമ്പനി അപേക്ഷ സമർപ്പിച്ചിരുന്നോ; പ്രസ്തുത അപേക്ഷയിൽ പറയുന്ന വീര്യം കുറഞ്ഞ മദ്യത്തിലെ ആൽക്കഹോൾ അളവ് എത്രയാണ്; | (ബി) | ബക്കാർഡി ഇന്ത്യ ലിമിറ്റഡ് സ്ഥാപനം അവരുടെ ഉൽപ്പന്നമായ ബക്കാർഡി ബ്രീസർ, ബക്കാർഡി പ്ലസ് എന്നീ ലഹരി പാനീയങ്ങൾ കേരളത്തിൽ വില്പന നടത്തുന്നതിനുള്ള അനുമതിക്കായി അപേക്ഷ സമർപ്പിച്ചിരുന്നു. ബക്കാർഡി ബ്രീസറിൽ 4.8% v/v, ബക്കാർഡി പ്ലസിൽ 8% v/v ഈതൈൽ ആൽക്കഹോളുമാണ് അടങ്ങിയിരിക്കുന്നത്. 2022-23 വർഷത്തെ മദ്യനയത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതു പ്രകാരം 0.5% V/V മുതൽ 20% V/V വരെ ആൽക്കഹോൾ സ്റ്റെങ്ങ്ത് അടങ്ങിയിട്ടുള്ള മദ്യം വിപണനം നടത്തുന്നതിന് വിദേശമദ്യ ചട്ടത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത മദ്യത്തിന് പ്രത്യേക നികുതി ഏർപ്പെടുത്തണമെന്ന ആവശ്യം കമ്പനി മുമ്പോട്ട് | (സി) | പ്രത്യേക നികുതി ഏർപ്പെടുത്തണമെന്ന അപേക്ഷ എക്സൈസ് വകുപ്പിൽ ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | വച്ചിരുന്നോ; പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നിലപാട് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ